# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

## [Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]

---

***27.10.2022 വ്യാഴാഴ്ച 3.00 മണിക്ക് ചേർന്ന***

***എക്സിക്യൂട്ടീവ് യോഗത്തിന്റെ***

# *മിനിട്ട്സ്*

---

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
**(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)**
**2ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,**
**വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033**
**ഫോൺ നമ്പർ : 04712724696. ഇ-മെയിൽ: keralasocialaudit@gmail.com**

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
## സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം

2022 ഒക്ടോബർ 27-ാംതീയതി 3.00 മണിക്ക് ചെയർമാൻ ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

ഹാജർ:

1. **ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്.,- ചെയർമാൻ**
2. **ഡോ.എൻ.രമാകാന്തൻ - കൺവീനർ**
3. **ശ്രീ. എസ്. രാജേന്ദ്രൻ - അംഗം**
4. **ശ്രീമതി. ഗിരിജ സുരേന്ദ്രൻ -അംഗം**
5. **ശ്രീ. എ.എൻ.പ്രഭാകരൻ-അംഗം**
6. **ശ്രീ. പ്യാരിലാൽ., ടി.എസ്. അംഗം (ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് പ്രതിനിധി)**
7. **ശ്രീ. മധുസൂദനൻ നായർ.ടി.എസ്-അണ്ടർ സെക്രട്ടറി-ഫിനാൻസ് വകുപ്പ്) പ്രതിനിധി.**

**അജണ്ട:**

1. **03.08.2022ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച കാര്യങ്ങൾ ഡയറക്ടർ വിശദീകരിക്കുകയുണ്ടായി. ഇതു സംബന്ധിച്ച പ്രവർത്തന പുരോഗതിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി. ട്രൈബൽ പ്ലസ് പദ്ധതിയുടെ നിർവ്വഹണ അവലോകനം നവംബർ മാസം തന്നെ ആരംഭിക്കേണ്ടതാണെന്ന നിർദ്ദേശം യോഗം മുന്നോട്ട് വച്ചു. വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ട്രൈബൽ പ്ലസ് പദ്ധതിയിൽ സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങളെ സംബന്ധിച്ചും ഇതിന്റെ ഫലമായി പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ ജീവിതത്തിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് അവലോകനം ചെയ്യുന്നതിനും യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

2. **2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി :**

   സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 2022-23 വർഷത്തിൽ (ഏപ്രിൽ മുതൽ ഒക്ടോബർ 20 വരെ) നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി യോഗം അവോകനം ചെയ്തു. ശ്രദ്ധേയമായ മാറ്റങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ് സോഷ്യൽ ഓഡിറ്റിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് യോഗം വിലയിരുത്തുകയുണ്ടായി. എന്നാൽ ചില

PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram

ജില്ലകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വേണ്ടത്ര നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന അഭിപ്രായം അംഗങ്ങൾ പ്രകടിപ്പിച്ചു. മലപ്പുറം, എറണാകുളം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ സംഭവിച്ച സോഷ്യൽ ഓഡിറ്റിലെ കുറവ് ഈ ജില്ലകളിൽ ആവശ്യമായ വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ഇല്ലാതിരുന്നതുകൊണ്ടാണെന്ന് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി. പുതിയ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ഈ ജില്ലകളിൽ നിയമിക്കുന്നതോടെ നവംബർ മാസം മുതൽ സോഷ്യൽ ഓഡിറ്റിൽ നിലനിൽക്കുന്ന ജില്ലാതലത്തിലുള്ള അന്തരം പരിഹരിക്കുന്നതിന് കഴിയുമെന്ന് ഡയറക്ടർ വ്യക്തമാക്കി.

3. **പുതുതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം:**

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിച്ച നാല് ദിവസത്തെ റസിഡൻഷ്യൽ പരിശീലനവും ഒരു ദിവസത്തെ ഫീൽഡ് പരിശീലനവും ഫലപ്രദമായിരുന്നുവെന്ന് യോഗം വിലയിരുത്തുകയുണ്ടായി. പുതുതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കാര്യശേഷിയോടെ നടപ്പാക്കാൻ കഴിയുന്നവരുമാണെന്ന് അംഗങ്ങൾ പൊതുവിൽ അഭിപ്രായപ്പെട്ടു.

4. **പുതുതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം:**

പുതുതായി തെരഞ്ഞെടുക്കപ്പെട്ട് പരിശീലനം പൂർത്തിയാക്കിയ 450 വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് 2022 നവംബർ 1-ാതീയതി മുതൽ വിവിധ ബ്ലോക്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് ഡയറക്ടർക്ക് അംഗീകാരം നൽകി.

5. **ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ സേവന കാലാവധി ദീർഘിപ്പിക്കൽ:**

കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമന കരാർ 2022 നവംബർ 1-ാം തീയതി മുതൽ ഒരു വർഷത്തേയ്ക്കോ അവരുടെ പ്രവർത്തന പുരോഗതി വിലയിരുത്തി തീരുമാനമെടുക്കുകയോ ചെയ്യുന്നതുവരെ ഏതാണ് കുറവ്, ആ കാലയളവിലേക്ക് കരാർ നിയമനം പുതുക്കി നൽകുന്നതിനും നിലവിലുള്ള സേവന-വേതന വ്യവസ്ഥ തുടരുന്നതിനും തീരുമാനിച്ചു.

PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

6. **സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ- ജില്ലാറിസോഴ്സ് പേഴ്സൺ എന്നീ തസ്തികകളിലേക്കുള്ള ഒഴിവ് നികത്തൽ:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിലുള്ള 3 സംസ്ഥാന റിസോഴ്സ് പേഴ്സൺമാരുടെയും വിവിധ ജില്ലകളിൽ ഒഴിവുള്ള 8 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും ഒഴിവുകളിലേക്ക് പുതുതായി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

7. **മറ്റ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ:**

മറ്റ് വകുപ്പുകൾ നടപ്പാക്കുന്ന വികസന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതാണെന്നും യോഗത്തിൽ തീരുമാനമെടുത്തു.

8. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലേക്ക് കോ-ഓർഡിനേറ്റർ/കൺസൾട്ടന്റ് എന്നിവരുടെ നിയമനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടാതെ മറ്റ് വികസന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി യോഗ്യരായവരും ഈ രംഗത്ത് വൈദഗ്ദ്ധ്യമുള്ളവരുമായ കോ-ഓർഡിനേറ്റർ/കൺസൾട്ടന്റുമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും താൽക്കാലികമായി രണ്ടോ-മൂന്നോ കോ-ഓർഡിനേറ്റർ, കൺസൾട്ടന്റ് എന്നിവരെ നിയമിക്കുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

9. **2022-23 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം:**

2022-23 സാമ്പത്തിക വർഷത്തെ ആദ്യ ആറുമാസക്കാലത്തെ (01.04.2022 മുതൽ 30.10.2022 വരെ) വരവ്-ചെലവ് കണക്കുകൾ യോഗം അംഗീകരിച്ചു.

10. **ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമനത്തിനായുള്ള മാനദണ്ഡവും നടപടിക്രമങ്ങളും:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലേക്ക് ഒഴിവുള്ള ബ്ലോക്ക് റിസോഴ്സ് പേഴ്സൺ തസ്തികയിലേക്ക് പോസ്റ്റ് ഗ്രാജുവേറ്റ് യോഗ്യത മിനിമം യോഗ്യതയായി അംഗീകരിക്കുകയും ഇത്തരത്തിൽ യോഗ്യതയുള്ളവരിൽ നിന്നും അതത് ജില്ലയിൽ വച്ച് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തി സുതാര്യമായി തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി. എഴുത്ത് പരീക്ഷ പാസ്സാകുന്നവരെ ഒഴിവുകളുടെ നാലിരിട്ടി ആളുകളെ ഇന്റർവ്യൂവിന് പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവരെ താഴെപ്പറയുന്ന മാനണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

| | | |
|---|---|---|
| a. | എഴുത്തു പരീക്ഷ | 30 മാർക്ക് |
| b. | സോഷ്യൽ ഓഡിറ്റ് പരിചയം പരിശീലന പരിചയം | 10 മാർക്ക് |
| c. | അഭിമുഖത്തിലെ മികവ് | 30 മാർക്ക് |
| d. | കമ്പ്യൂട്ടർ പരിജ്ഞാനം | 10 മാർക്ക് |
| | **ആകെ** | **80 മാർക്ക്** |

ഓരോ ജില്ലയിലേയും സെലക്ഷൻ കമ്മിറ്റി താഴെപ്പറയുംവിധം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

സോഷ്യൽ ഓഡിറ്റ് ഡയറക്ടർ - ചെയർമാൻ
ഗവേർണിംഗ് ബോഡി അംഗം - മെമ്പർ
ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (എം.ജി.എൻ.ആർ.ഇ.ജി.എസ്)- മെമ്പർ
ജോയിന്റ് ഡയറക്ടർ/ഡപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്/ജില്ലാ പ്ലാനിംഗ് ഓഫീസർ - മെമ്പർ.

11. **മറ്റ് കാര്യങ്ങൾ:**

**നിലവിലുള്ള റിസോഴ്സ് പേഴ്സൺമാരുടെ തുടർ പരിശീലനം**

നിലവിലുള്ള റിസോഴ്സ്പേഴ്സൺമാർക്ക് അതത് ജില്ലയിൽ വച്ച് ഏകദിന പരിശീലനം നടത്തുന്നതിന് യോഗം ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

യോഗം 4.30-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള

**പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്**
ജലവിഭവവകുപ്പ് സെക്രട്ടറി. & ചെയർമാൻ,
കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി